**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5064** **20-03-2025 - ൽ മറുപടിയ്ക്ക്**

**മുനമ്പത്തെ ഭൂമി തർക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഭാഗമായിരുന്നതും വടക്കേക്കര വില്ലേജിലെ സർവ്വേ നമ്പർ 18/1-ൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ കുഴുപ്പിള്ളി വില്ലേജിൽപ്പെട്ടതും വഖഫ് ബോർഡ് അവകാശ വാദം ഉന്നയിക്കുന്നതുമായ വസ്തുവകകൾ അബ്ദുൾ സത്താർ ഹാജി മൂസ സേട്ടിന് ലഭ്യമായത് എപ്പോഴാണെന്നും എങ്ങനെയാണെന്നും വിസ്തീർണ്ണം എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഭാഗമായിരുന്നതും വടക്കേക്കര വില്ലേജിലെ സർവ്വേ നമ്പർ 18/1-ൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ കുഴുപ്പിള്ളി വില്ലേജിൽപ്പെട്ടതും വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കുന്നതുമായ വസ്തുവകകൾ അബ്ദുൽ സത്താർ ഹാജി മൂസ സേട്ടിന് ലഭ്യമായത് സംബന്ധിച്ച്, സെൻട്രൽ ആർക്കൈവ്സ് ഫോർട്ട്, തിരുവനന്തപുരത്തു നിന്നും ലഭ്യമായ രേഖകളിൽ ഹസൂർ കച്ചേരി, തിരുവനന്തപുരം കൊച്ചിൻ ദിവാന് നൽകിയ കത്തിൽ 1915 ജൂൺ 4-ലെ 4900 നമ്പർ കത്ത് പ്രകാരം ദിവാൻ പേഷ്കാർ, കോട്ടയം 400 ഏക്കർ ഭൂമി അബ്ദുൽ സത്താർ ഹാജി മൂസ സേട്ടിന് കാർഷിക ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ളതായി പ്രതിപാദിച്ചിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. ഇത് സംബന്ധിച്ച മറ്റ് രേഖകളൊന്നും റവന്യൂ വകുപ്പിൽ ലഭ്യമല്ല. |
| (ബി) | കാർഷികാവശ്യത്തിന് നൽകിയ ഈ ഭൂമിയുടെ ഉടമസ്ഥാവകാശം അബ്ദുൽ സത്താർ ഹാജി മൂസാ സേട്ടിനോ ടിയാളുടെ അനന്തര അവകാശികൾക്കോ മുഹമ്മദ് സിദ്ദിഖ് സേട്ടിനോ ലഭ്യമായിട്ടുണ്ടോ; എങ്കിൽ എങ്ങനെയെന്ന് വിശദമാക്കാമോ; | (ബി) | കാർഷിക ആവശ്യത്തിനു നൽകിയ ടി ഭൂമിയുടെ ഉടമസ്ഥാവകാശം അബ്ദുൽ സത്താർ ഹാജി മൂസ സേട്ടിനോ ടിയാളുടെ അനന്തരാവകാശികൾക്കോ, മുഹമ്മദ് സിദ്ദിഖ് സേട്ടിനോ ലഭ്യമായിട്ടുള്ളത് സംബന്ധിച്ച രേഖകൾ റവന്യൂ വകുപ്പിൽ ലഭ്യമല്ല. |
| (സി) | കാർഷിക ആവശ്യത്തിന് കൈമാറിയ പ്രസ്തുത ഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും ആരുടെ പേരിലാണെന്നും വ്യക്തമാക്കാമോ; | (സി) | കൊച്ചി താലൂക്കിൽ ലഭ്യമായ പട്ടയ പകർപ്പ് പ്രകാരം ഫാറൂഖ് കോളേജ് മാനേജ്മെന്റ് പേരിൽ പറവൂർ തഹസിൽദാർ 28.03.1951 ൽ സർവ്വേ നമ്പർ 18/1-ൽ പ്പെട്ട 404 ഏക്കർ 76 സെന്റ് സ്ഥലത്തിന് 609 നമ്പർ ആയി പോക്കുവരവ് പട്ടയം നൽകിയതായി കാണുന്നു. |
| (ഡി) | കാർഷിക ആവശ്യത്തിന് കൈമാറിയത് സംബന്ധിച്ച പാട്ടകരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഭൂമിയുടെ പോക്കുവരവ് നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പോക്കുവരവ് | (ഡി) | കാർഷിക ആവശ്യത്തിന് കൈമാറിയത് സംബന്ധിച്ച പാട്ട കരാറിന്റെ പകർപ്പ് ലഭ്യമല്ല. വില്ലേജ് ബി ടി ആർ പ്രകാരം പഴയ സർവ്വേ 18/1-ൽ 160.35.24 ഹെക്ടർ ഭൂമി 338 തണ്ടപ്പേരും പടി |

| | | | |
|---|---|---|---|
| | നടത്തിയതെന്നും ആരുടെ പേരിലാണ് പോക്കുവരവ് നടത്തിയതെന്നും വ്യക്തമാക്കാമോ; | | ഫാറൂഖ് കോളേജിന് വേണ്ടി ട്രസ്റ്റി കല്ലായി മൊയ്തീൻകുട്ടി സാഹിബ് മകൻ വി കെ ഉണ്ണി കോയ സാഹിബ് പേരിൽ ഉൾപ്പെട്ടിട്ടുള്ളതും ആയത് 2005 ലെ റിസർവ്വേ റിക്കാർഡ് പ്രകാരം കുഴപ്പിള്ളി വില്ലേജിൽ ബ്ലോക്ക് ഒന്ന് റീസർവേ നമ്പർ 11 മുതൽ 28 വരെയുള്ള 195 മുതൽ 218 വരെയുള്ള വസ്തു വഹകളിൽ 1841 തണ്ടപ്പേരും പടി ഫാറൂഖ് കോളേജിന് വേണ്ടി ട്രസ്റ്റി കല്ലായി മൊയ്തീൻകുട്ടി സാഹിബ് മകൻ വി കെ ഉണ്ണി കോയ സാഹിബ് പേരിൽ 7.58.06 ആർ ഭൂമി ശേഷിക്കുന്നതായും ഇതിൽ പോക്കുവരവ് ചെയ്യാതെ കരമടച്ച് വരുന്ന അന്യ കൈവശ ഭൂമിയും ഉൾപ്പെടുന്നതും, കൂടാതെ റീസർവെയ്ക്ക് ശേഷം 435 തണ്ടപ്പേരുകൾ (പഴയ സർവേ 18/1 ൽ ഉൾപെട്ടതും) നിലവിലുള്ളതായും കുഴപ്പിള്ളി വില്ലേജ് ഓഫീസ് റെക്കോർഡുകൾ പ്രകാരം കാണുന്നു. |
| (ഇ) | വഖഫ് ബോർഡ് അവകാശ വാദമുന്നയിക്കുന്ന മുനമ്പത്തെ ഭൂമിയുടെ യഥാർത്ഥ കൈവശാവകാശത്തെ സംബന്ധിച്ച് റവന്യൂ വകുപ്പ് പരിശോധനയോ പഠനമോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രദേശത്തെ സർക്കാർ വക ഭൂമി സംബന്ധിച്ച് പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കുന്ന മുനമ്പത്തെ ഭൂമിയുടെ യഥാർത്ഥ കൈവശ അവകാശത്തെ സംബന്ധിച്ച് റവന്യൂ വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| (എഫ്) | ഈ ഭൂമി വഖഫായി എഴുതി നൽകുമ്പോൾ എത്ര കുടുംബങ്ങൾ ഈ ഭൂമിയിൽ താമസിച്ചിരുന്നെന്നും വഖഫായി എഴുതി നൽകിയതിന് ശേഷം നാളിതുവരെ എത്ര കുടുംബങ്ങൾ താമസിക്കുന്നെന്നും വ്യക്തമാക്കാമോ; കാർഷികാവശ്യത്തിന് കൈമാറിയ ഭൂമിയിൽ നിന്നും കടലെടുത്ത ഭൂമി എത്രയെന്നും കടലെടുത്ത വർഷം ഏതെന്നും വ്യക്തമാക്കാമോ; | (എഫ്) | ഈ ഭൂമി വഖഫായി എഴുതി നൽകുമ്പോൾ എത്ര കുടുംബങ്ങൾ ഈ ഭൂമിയിൽ താമസിച്ചിരുന്നു എന്നത് ലഭ്യമല്ലാത്തതും, നിലവിൽ ഏകദേശം 610 ഓളം കുടുംബങ്ങൾ താമസിച്ചു വരുന്നതുമാണ്. കുഴപ്പിള്ളി വില്ലേജ് ഓഫീസ് കോ റിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പഴയ സർവ്വേ 18/1-4ൽ കടലെടുപ്പ് ഇല്ലാത്തതാണ്. പഴയ സർവ്വേ 18/1-5 മുതൽ 1-20 വരെ 18/1-39 എന്നിവയിൽ ഒട്ടാകെ 3.51.57 ഹെക്ടർ ഭൂമി കടലെടുപ്പ് എന്ന് കുഴപ്പിള്ളി വില്ലേജ് ഓഫീസ് റെക്കോർഡുകൾ പ്രകാരം കാണുന്നു. |
| (ജി) | കാർഷികാവശ്യത്തിന് നൽകിയ ഭൂമി കടലെടുത്തതിന് ശേഷം ഈ പ്രദേശത്ത് കടൽ പിന്മാറിയതുമൂലം പിന്നീട് രൂപപ്പെട്ട ഭൂമിയുണ്ടോ; പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും ഉടമസ്ഥാവകാശം ആർക്കാണെന്നും വ്യക്തമാക്കാമോ; നിലവിൽ പ്രസ്തുത ഭൂമിയുടെ കൈവശക്കാർ ആരെല്ലാമാണെന്നും അവർക്ക് ആരാണ് എഴുതി നൽകിയതെന്നും വിശദമാക്കാമോ? | (ജി) | ഈ പ്രദേശത്ത് കടൽ പിന്മാറിയത് മൂലം രൂപപ്പെട്ട ഭൂമിയുടെ വിവരങ്ങൾ ലഭ്യമല്ലാത്തതാണ്. കുഴപ്പിള്ളി വില്ലേജിൽ ഡിജിറ്റൽ സർവ്വേ നടന്നുവരുന്നതാണ്. ടി ഡിജിറ്റൽ സർവ്വേക്ക് ശേഷം മാത്രമേ ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

3 **DRAFT.**

R.O.C. No. 693 of 1924

Revenue.

Huzur Cutcherry,

Trivandrum, 30th May 1924.

To

The Dewan of Cochin,

(Through the Agent to the Governor General, Madras States.)

Sir,

With reference to your letter Ref. on C.No.908 of 99, dated the 28th April 1924, regarding the construction of a bund in the Munambam Poyil by Mr. Abdul Sattar Haji Moosa Sait, I have the honor to inform you that my Government have, in their letter No. 4900, dated the 4th June 1915, to the Dewan Peishkar, Kottayam, sanctioned the registry of over 400 acres of the above Poyil in the name of Mr. Abdul Sattar Haji Moosa Sait for reclamation and cultivation. One of the conditions of the registry was that a waterway, 150 ft. in width, should be left open on the eastern side of the Poyil. I have no information as to whether the bund now under construction is either across this channel or whether it is located in any other Porambokе area. Anyhow, the Land Revenue and Income-tax Commissioner and the Chief Engineer are being instructed to look into the matter at once and report. ~~to see that the water way is left intact and that the encroachments, if any, on Government lands are removed.~~ ~~If it be~~ that ~~the Sait~~ Abdul Sattar Sait is only putting up the bunds necessary for